**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2106** **06.02.2019-ൽ മറുപടിക്ക്**

**മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.പി.ഉണ്ണി | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ആരോഗ്യമേഖലയിൽ നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നത് പ്രധാനമായും സംസ്ഥാന പദ്ധതി വിഹിതം മുഖേനയാണ്. ഇതിനുപുറമെ കേന്ദ്ര ധനസഹായം മറ്റു ധനസഹായങ്ങൾ എന്നിവ വഴിയും ആശുപത്രികളുടെ വികസനങ്ങൾ നടത്തിവരുന്നു. 2018-19-ൽ സംസ്ഥാന പദ്ധതി വിഹിതവും, അധിക തുകയും ഉൾപ്പെടെ 536.7019 കോടി രൂപ വിവിധ മെഡിക്കൽ കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.<br><br>ഇതിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ 4 കോടി രൂപ വീതം ചെലവഴിച്ച് സി.ടി.സിമുലേറ്ററും (ആകെ 12 കോടി രൂപ), കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് 2 കോടി രൂപയുടെ എം.ആർ.ഐ.സ്കാനറും, 3.30 കോടി രൂപയുടെ ഡി.എസ്.എ. മെഷീനും, മഞ്ചേരി മെഡിക്കൽ കോളേജിന് 1.60 കോടി രൂപയ്ക്ക് സി.ടി.സ്കാനറും, കോഴിക്കോട് മെഡിക്കൽ കോളേജിൽ മോളിക്യൂലാർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റിയും ക്രമീകരിക്കുന്നതിന് 1.20 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | മെഡിക്കൽ കോളേജുകളുടെ വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി M/s. HITES-നെയും, M/S. Inkel-നെയും Special Purpose Vehicle (SPV) ആയി നിയമിച്ച് ഉത്തരവായിട്ടുണ്ട്.<br><br>എറണാകുളം മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി Kerala State Industrial Development Corporation Ltd. (KSIDC) സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 3,68,74,61,142/- രൂപയ്ക്ക് M/s.INKEL മുഖേന നടപ്പിലാക്കുന്നതിനും തുക കിഫ്ബി ധനസഹായം മുഖാന്തിരം കണ്ടെത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 717.29 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലും, വയനാട് മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 6,25,38,52,931/- രൂപയുടെ പ്രൊജക്ട് പ്രൊപ്പോസലും M/s.INKEL മുഖേന നടപ്പാക്കുന്നതിനും തുക കിഫ്ബി ധനസഹായം മുഖാന്തിരം കണ്ടെത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും, കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിനുമായി M/s.INKEL-നെ എസ്.പി.വി. ആയി നിയമിച്ച് ഉത്തരവായിട്ടുണ്ട്.<br><br>കോട്ടയം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി M/s. HITES സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 564 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുക കിഫ്ബി ധനസഹായം മുഖാന്തിരം കണ്ടെത്തുന്നതാണ്.<br><br>കോന്നി മെഡിക്കൽ കോളേജിന്റെ ടീച്ചിംഗ് ഹോസ്പിറ്റലും അനുബന്ധ കെട്ടിടങ്ങളും (രണ്ടാം ഘട്ടം) കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിന് M/s.HITES-നെ എസ്.പി.വി. ആയി നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | ക്യാൻസർ ചികിത്സാ രംഗത്ത് നൂതനമായ ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം ആധുനിക ചികിത്സാ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | മെഡിക്കൽ കോളേജുകളിലെ ക്യാൻസർ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോപാത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകുകയും ആയതിലേയ്ക്ക് 105 തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിലെ ക്യാൻസർ രോഗ ചികിത്സാ വിഭാഗമായ ഡിപ്പാർട്ട്മെന്റ് ഓഫ് റേഡിയോ തെറാപ്പിയിൽ നൂതനമായ കീമോതെറാപ്പി, ഹോർമോൺ തെറാപ്പി, ടാർജറ്റഡ് തെറാപ്പി എന്നിവ ക്യാൻസർ രോഗ വിദഗ്ദരായ ഡോക്ടർമാർ നൽകിവരുന്നു. ഇതിനുപുറമേ റേഡിയേഷൻ ചികിത്സയും മറ്റ് അനുബന്ധ ചികിത്സകളും നിലവിലുള്ള ലോകോത്തര ചികിത്സാ മാനദണ്ഡങ്ങൾ പ്രകാരം സൗജന്യമായി നൽകിവരുന്നു. ഓങ്കോളജി & ടെർഷ്യറി കെയർ എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേക്ക് 4 കോടി രൂപ വീതം ചിലവഴിച്ച് സി.ടി.സിമുലേറ്റർ (ആകെ 12 കോടി) വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ക്യാൻസർ രോഗ ചികിത്സയ്ക്കായി തിരുവനന്തപുരം |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുവാനുള്ള നടപടി പുരോഗമിച്ചുവരുന്നു. തൃശ്ശൂർ, കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | ഉയരുന്ന അപകട നിരക്ക് കണക്കിലെടുത്ത് മെഡിക്കൽ കോളേജുകളിൽ എയിംസുമായി സഹകരിച്ച് സമഗ്ര ട്രോമാ കെയർ സംവിധാനം നടപ്പാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ട്രോമാകെയർ സംവിധാനം നടപ്പാക്കുന്നതിന് ആവശ്യമായ പരിശീലനം എയിംസ് നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**